**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1510** **10/02/2020-ൽ മറുപടിയ്ക്ക്**

## പൈനാപ്പിൾ കർഷകർക്കുള്ള സഹായങ്ങൾ

| ചോദ്യം<br>ശ്രീ.പി.സി. ജോർജ് | മറുപടി<br>ശ്രീ. വി.എസ്. സുനിൽകുമാർ<br>(ബഹു. കൃഷി വകുപ്പ് മന്ത്രി) |
|---|---|
| എ) സംസ്ഥാനത്ത് പൈനാപ്പിൾ കർഷകരെയും തൊഴിലാളികളെയും സഹായിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നത്; വ്യക്തമാക്കാമോ; | എ) സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ-കേരള മുഖേന നടപ്പിലാക്കുന്ന മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതിയുടെ 2019-20 സാമ്പത്തിക വർഷത്തെ കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ച വാർഷിക കർമ്മ പദ്ധതിയിലെ വിള വിസ്തൃതി വ്യാപനം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി 816.70 ഹെക്ടർ സ്ഥലത്ത് പൈനാപ്പിൾ കൃഷി നടപ്പിലാക്കി വരുന്നു. ഹെക്ടറൊന്നിന് 35,000/- രൂപ ധനസഹായം 75:25 എന്ന അനുപാതത്തിൽ രണ്ട് ഗഡുക്കളായി കർഷകർക്ക് നൽകുന്നു. PMKSY പദ്ധതി പ്രകാരം (ഡ്രിപ്പ്, സ്പ്രിംഗ്ളർ, പമ്പ്സെറ്റ്) എന്നിവയ്ക്കും ധനസഹായം നൽകുന്നുണ്ട്. സംസ്ഥാന വിള ഇൻഷ്വറൻസ് ചേർന്ന കർഷകർക്ക് കൈതച്ചക്ക കൃഷിക്കുണ്ടാകുന്ന വിളനാശത്തിന് ഹെക്ടർ ഒന്നിന് 50,000/- രൂപ പ്രകാരം നഷ്ടപരിഹാരം നല്കി വരുന്നു.<br>സംസ്ഥാനത്ത് പൈനാപ്പിൾ കർഷകരെ സഹായിക്കുന്നതിനായി സർക്കാർ നിർദ്ദേശ പ്രകാരം ഹോർട്ടികോർപ്പ് വിപണിയിടപെടൽ നടത്തിവരുന്നു. 2017-18, 2018-19 എന്നീ സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് പൈനാപ്പിൾ വില തകർച്ച നേരിട്ടപ്പോൾ ഹോർട്ടികോർപ്പ് സർക്കാർ നിർദ്ദേശ പ്രകാരം വാഴക്കുളത്തെ പൈനാപ്പിൾ കർഷകരും അവരുടെ സംഘടനാ പ്രതിനിധികളുമായി ചർച്ച നടത്തുകയും മാർക്കറ്റ് വിലയേക്കാൾ അധിക വില നൽകി പൈനാപ്പിൾ സംഭരിക്കുകയും ചെയ്തിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് ഉൽപാദിപ്പിച്ച പൈനാപ്പിൾ പൂർണ്ണമായും മെച്ചപ്പെട്ട വിലയ്ക്ക് വിറ്റഴിക്കുന്നതിന് നമ്മുടെ കർഷകർക്ക് സാധിച്ചതിന്റെ അടിസ്ഥാനത്തിൽ ഹോർട്ടികോർപ്പിന് വിപണിയിടപെടൽ ആവശ്യമായി വന്നില്ല. അധിക ഉൽപ്പാദന സീസണുകളിൽ വില തകർച്ച ഒഴിവാക്കുന്നതിനാണ് ഹോർട്ടികോർപ്പ് വിപണിയിടപെടൽ നടത്തി വരുന്നത്. ആവശ്യമായ ഘട്ടങ്ങളിൽ ഇനിയും പൈനാപ്പിൾ സംഭരിക്കുന്നതിന് ഹോർട്ടികോർപ്പ് തയ്യാറാണ്. |
| ബി) പഴവർഗ്ഗങ്ങളിൽ നിന്നും വീര്യം കുറഞ്ഞ വൈനും മദ്യവും ഉൽപാദിപ്പിക്കുന്നതിന് ലൈസൻസ് നൽകാനുള്ള സർക്കാർ തീരുമാനത്തിൽ പഴവർഗ്ഗങ്ങളുടെ ലിസ്റ്റിൽ പൈനാപ്പിൾ കൂടി ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കാമോ? | ബി) പഴവർഗ്ഗങ്ങളിൽ നിന്നും വീര്യം കുറഞ്ഞ വൈനും മദ്യവും ഉൽപാദിപ്പിക്കുന്നത് സംബന്ധിച്ചുള്ള കേരള കാർഷിക സർവ്വകലാശാലയുടെ പഠന റിപ്പോർട്ടിൽ മറ്റു പഴവർഗ്ഗങ്ങളോടൊപ്പം പൈനാപ്പിളും പ്രതിപാദിച്ചിട്ടുള്ളതിനാൽ പഴവർഗ്ഗങ്ങളുടെ ലിസ്റ്റിൽ പൈനാപ്പിൾ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ